പാഠം 1

അമ്പാടിയിലേക്ക്

ആമുഖം: ചെറുശ്ശേരിയുടെ 'കൃഷ്ണഗാഥ'യിൽ നിന്നും എടുത്തിട്ടുള്ള കവിതാഭാഗമാണ് 'അമ്പാടിയിലേക്ക്'.

ചോദ്യോത്തരങ്ങൾ

1. ശ്രീകൃഷ്ണനെ കാണാനായി അമ്പാടിയിലേക്ക് പോകുന്ന അക്രൂരൻെറ ചിന്തകൾ എന്തെല്ലാമായിരുന്നു?

ഉ: ശ്രീകൃഷ്ണനെ കാണാനായി അമ്പാടിയിലേക്ക് പോകുന്ന താൻ പുണ്യവാനാണെന്ന് അക്രൂരൻ കരുതുന്നു. താനാകുന്ന പൂവിൽ നിന്ന് ശ്രീകൃഷ്ണൻെറ കണ്ണാകുന്ന കാർവണ്ട് വന്ന് ആനന്ദത്തോടെ തേൻ നുകരും എന്ന് അക്രൂരൻ കരുതുന്നു. കണ്ണൻെറ തേന്മൊഴി കൊണ്ട് തൻെറ കർണ്ണങ്ങൾ നിറയും. സുന്ദരമായ ശ്രീകൃഷ്ണൻെറ ശരീരം കണ്ട് തനിക്ക് ആനന്ദിക്കണം എന്ന് അക്രൂരൻ ചിന്തിക്കുന്നു. കണ്ണൻെറ നിലാവ് പോലുള്ള പുഞ്ചിരി തൻെറ എല്ലാ ദു:ഖങ്ങളെയും ഇല്ലാതാക്കും എന്നാണ് അക്രൂരൻ ചിന്തിക്കുന്നത്.

2. അമ്പാടിയിൽ എത്തിച്ചേർന്ന അക്രൂരൻ അവിടെ കണ്ട കാഴ്ചകൾ എന്തെല്ലാം?

ഉ: അമ്പാടിയിലെവിടെയും കാലിയെ കറക്കുന്ന ഒച്ച കേൾക്കാമായിരുന്നു. കളികളിൽ ഏർപ്പെട്ടിരിക്കുന്ന ബാലകന്മാരെയും പരസ്പരം കളിച്ചുല്ലസിക്കുന്ന കന്നുകിടാങ്ങളെയും അക്രൂരൻ അവിടെ കണ്ടു. പശുക്കളെ കറക്കാനായി പാൽപ്പാത്രം കൈയിൽ ചേർത്തുപിടിച്ചുകൊണ്ടു പോകുന്ന സുന്ദരിമാരെ എവിടെയും കാണാമായിരുന്നു. സുന്ദരികളായ ഗോപസ്ത്രീകൾ പശുക്കളെ പേരുചൊല്ലി വിളിക്കുന്നതും അക്രൂരൻ കേട്ടു. തൻെറ കന്നിനെ എവിടെയെങ്കിലും കണ്ടോ എന്ന് അന്വേഷിച്ചു നടക്കുന്ന സുന്ദരിമാരെയും അക്രൂരന് അമ്പാടിയിൽ കാണാൻ കഴിഞ്ഞു.

3. ശ്രീകൃഷ്ണനെ കാണാനായി പോകുന്ന താൻ പുണ്യവാനാണെന്ന് അക്രൂരൻ കരുതുന്നത് എന്തുകൊണ്ട്?

ഉ: ശ്രീകൃഷ്ണനെ കൺനിറയെ കാണുമ്പോൾ തൻെറ മനസ്സ് നിർവൃതിയടയും. കണ്ണൻെറ തേന്മൊഴികൊണ്ട് തൻെറ കർണ്ണങ്ങൾ നിറയും. ശ്രീകൃഷ്ണൻെറ നോട്ടം ഏൽക്കുമ്പോൾ എല്ലാ ദു:ഖങ്ങളും മറന്ന് താൻ ആനന്ദിക്കും. കണ്ണൻെറ നിലാവു പോലെയുള്ള പുഞ്ചിരി തൻെറ എല്ലാ ദു:ഖങ്ങളെയും ഇല്ലാതാക്കും. ഇങ്ങനെ ശ്രീകൃഷ്ണൻെറ സാമീപ്യത്താൽ ധന്യനാകാൻ പോകുന്ന താൻ തീർച്ചയായും പുണ്യവാൻ തന്നെയെന്ന് അക്രൂരൻ കരുതുന്നു.

* * * *